പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2558

05/11/2019 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡ്ഡിന്റെ നഷ്ടം നികത്താൻ നടപടി

ചോദ്യം

ശ്രീ.എം. രാജഗോപാലൻ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ നഷ്ടം നികത്താൻ നടപടികൾ എടുത്തിട്ടുണ്ടോ; | എ) | നടപടികൾ എടുത്തിട്ടുണ്ട്. |
| ബി) | കൺസ്യൂമർഫെഡ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് വകുപ്പ് എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ബി) | സംസ്ഥാനത്തെ പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിനായി ശക്തമായ ഇടപെടലുകൾ നടത്തുന്ന കൺസ്യൂമർഫെഡ് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും പൊതുവിപണിയിൽ ശക്തമായി ഇടപെടുന്നതിനുമായി സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നു. ഇതിന്റെ ഭാഗമായി ഉത്സവകാലങ്ങളിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡിയോടു കൂടി 13 (പതിമൂന്ന്) ഇനം നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ സർക്കാർ സബ്സിഡിയോടെ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക വിപണികളിലൂടെയും വിപണനം ചെയ്ത് വിലക്കയറ്റം നിയന്ത്രിച്ചുവരുന്നു. ഉത്സവക്കാലങ്ങളിലുള്ള സബ്സിഡി വിൽപ്പന കൂടാതെ ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണി എന്നിവയിൽ കൂടി 365 ദിവസവും പൊതുമാർക്കറ്റിനേക്കാൾ 10 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ |

| | | | |
|---|---|---|---|
| | | | വിൽപ്പന നടത്തി വരുന്നു. ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 100 കോടി രൂപ സബ്സിഡി ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ നിന്നും 2018-19 വർഷത്തെ വിപണികളുടെ സബ്സിഡി തുക ക്രമീകരിച്ച ശേഷം നൽകുവാനുള്ള 10.15 കോടി രൂപയും ഓണവിപണിക്കായി 10 കോടി രൂപയും ഫെഡറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉത്സവ വിപണികൾ സംഘടിപ്പിക്കുന്നതിനായി സബ്സിഡി ഇനത്തിൽ 2016-17 സാമ്പത്തിക വർഷം 3 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ 52 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 60.67 കോടി രൂപയും ഫെഡറേഷന് അനുവദിച്ചു നൽകിയിട്ടുണ്ട്. ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഫെഡറേഷനിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി/ഭരണസമിതി നടത്തിയിട്ടുള്ള ഇടപെടലുകളിലൂടെ ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഇതിന്റെ ഫലമായി ത്രിവേണി വിഭാഗത്തിന്റെ മൊത്തം വിൽപ്പന 2015-16-ൽ 86.76 കോടി രൂപ ആയിരുന്നതിൽ നിന്നും 2016-17 ൽ 105.03 കോടി രൂപയും 2017-18-ൽ 287.69 കോടി രൂപയും 2018-19-ൽ 339.65 കോടി രൂപയുമായി വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ